CYAN MAGENTA YELLOW BLACK



ജനപക്ഷം

കെ. ജെ. ദേവസ്യാ

# വേറിട്ടവയനാട് വേറെ വഴിതേടുന്നു

കർണാടക, തമിഴ്നാട് സംസ്ഥാനങ്ങൾ അതിരിടുന്ന വയനാട്ടിലേക്ക് ഹെയർപിൻ വളവുകളുള്ള മലമ്പാതകൾ മാത്രമാണാശ്രയം. ഇന്ത്യയുടെ റെയിൽവെ ഭൂപടത്തിൽ ഇനിയും സ്ഥാനം കിട്ടാതെ, മോഹങ്ങളുമായി മാത്രം കാത്തിരിക്കുന്ന വയനാട്ടുകാർക്ക് ഇക്കാര്യത്തിൽ നിരാശമാത്രം. സമീപകാലത്ത് വയനാട്ടിലേക്കുള്ള ചുരങ്ങൾ കാലവർഷത്തിന്റെ കുത്തൊഴുക്കിൽ മണ്ണിടിഞ്ഞപ്പോൾ യാത്രക്കാർ അനുഭവിച്ച ദുരിതം ഗുരുതരമായിരുന്നു. പരിസ്ഥിതിയുടെയും വന്യജീവി സംരക്ഷണത്തിന്റെയും പേരുപറഞ്ഞ് ചില പരിസ്ഥിതി സംരക്ഷണ പ്രവർത്തകർ നല്കിയ പരാതിയെ തുടർന്ന് ഗുണ്ടൽപേട്ട-സുൽത്താൻ ബത്തേരി (NH 212), ഗുണ്ടൽപേട്ട-ഗൂഡല്ലൂർ (NH 67) റോഡുകളിൽ രാത്രികാല യാത്രാനിരോധനം അധികൃതർ ഏർപ്പെടുത്തിയിരിക്കുന്നു.

മറ്റെല്ലാ മേഖലകളിലും ഏത് വഴിക്കുമുണ്ടാകും ഗതാഗതം മുടങ്ങിയാൽ തിരിഞ്ഞു പോകാൻ മറ്റൊരു മറുവഴി. എന്നാൽ വയനാട്ടിലേക്ക് മാത്രം വേറൊരു വഴിയില്ല.

## രാത്രികാല ഗതാഗതനിരോധനം പാടില്ല

കോഴിക്കോട്-മൈസൂർ-ബാംഗളൂർ NH-212ൽ കർണാടക ഹൈക്കോടതിയിലുണ്ടായ ഉത്തരവു കർണാടക കർക്കശമാക്കിയാൽ വയനാടിന്റെ മാത്രമല്ല, കേരളത്തിനു തന്നെ വഴിമുട്ടും. വയനാട് വഴിയുള്ള റോഡുകളിൽ രാത്രികാല ഗതാഗത നിരോധനം നടപ്പാക്കുന്നതു നിമിത്തം ജനങ്ങൾക്ക് മറ്റൊരു ഗത്യന്തരവുമില്ലാതെ വരും. NH-212 ലൂടെ നൂറുകണക്കിന് ചരക്കുവാഹനങ്ങൾ നിത്യേന പോകുന്നുണ്ട്. അതുപോലെ തന്നെ യാത്രക്കാരുടെ എണ്ണം അനുദിനം വർധിച്ചുവരികയാണ്. രാത്രികാല നിരോധനമുണ്ടായാൽ പകൽ സമയങ്ങളിൽ മാത്രം വാഹനങ്ങൾ ഓടേണ്ടിവരും. ഇപ്രകാരമുള്ള പകൽ വാഹന ഗതാഗതം ഇപ്പോൾ തന്നെ വീതികുറഞ്ഞതും മണ്ണിടിച്ചിൽ ഉള്ളതുമായ താമരശ്ശേരി ചുരത്തിൽ കൂടുതൽ ഗതാഗതകുരുക്കുണ്ടാക്കി യാത്ര അസാധ്യമാക്കും.

മാനന്തവാടി-ബാവലി-മൈസൂർ റോഡിൽ ഇപ്പോൾ രാത്രികാല ഗതാഗതനിരോധനമുണ്ട്. തോൽപ്പെട്ടി-കുട്ട-ഹുൽസൂർ വഴിയുള്ള മൈസൂർ യാത്രയും ദുഷ്ക്കരവും ദൂരക്കൂടുതലുള്ളതുമാണ്. രാജ്യത്തിന്റെ തെക്കേ അറ്റത്തു കിടക്കുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്കുള്ള സുപ്രധാന അന്തർസംസ്ഥാന പാതയായ NH-212ൽ ഗതാഗത നിരോധനമുണ്ടായാൽ ചരക്കുനീക്കവും ജനങ്ങളുടെ പോക്കുവരവും പാടേ തകിടംമറിയും. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള ചരക്കുവണ്ടികൾ അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രയിൽ രാത്രികാലങ്ങളിൽ രണ്ടു പ്രാവശ്യം തടയപ്പെട്ടാൽ അതിന്റെ ഭവിഷ്യത്ത് ചെറുതല്ല. പകൽ ജോലി ചെയ്ത് രാത്രികാലം യാത്രയ്ക്കായി നീക്കിവയ്ക്കുന്ന അനേകമാളുകൾക്ക് തങ്ങളുടെ ജീവിതക്രമം തന്നെ തെറ്റും. നിരോധനത്തിന്റെ പേരിൽ പാതയോരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന അനേകമാളുകൾ പ്രാഥമികാവകാശ്യങ്ങൾക്കു പോലും സൗകര്യം കിട്ടാതെ വലയുമ്പോഴുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളും മാലിന്യപ്രശ്നങ്ങളും വളരെ വലുതാണ്.

ശബരിമല മണ്ഡലകാലത്ത് ആന്ധ്രാ, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള ലക്ഷക്കണക്കിന് തീർത്ഥാടകർ ആശ്രയിക്കുന്നതും ഈ പാതയെയാണ്. ഇവരും വഴിയിൽ കുടുങ്ങും. ഇതൊന്നും ചിന്തിക്കാതെയും ബദൽ സൗകര്യങ്ങളൊരുക്കാതെയും നിരോധനം വന്നാൽ ജനം വലയും. അതിനാൽ റോഡുകളടയ്ക്കുന്ന നടപടി അനീതിയാണ്. എക്സിക്യൂട്ടീവും ജ്യൂഡീഷ്യറിയും രാജ്യത്തിന്റെ പൊതു താത്പര്യം ഹനിക്കും വിധം പ്രവർത്തിക്കരുത്.



## ചുരം റോഡുകൾക്ക് ബദൽ റോഡുകൾ അനിവാര്യം

ഗതാഗത സൗകര്യത്തോടൊപ്പം ഉത്തരകേരളത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കും വികസനത്തിനും വഴിതുറക്കാൻ ചുരം റോഡുകൾക്ക് ബദൽ റോഡുകൾ നിർമിക്കുകയാണാവശ്യം. ചുരത്തിൽ തടസ്സമുണ്ടായാൽ എങ്ങോട്ടും പോകാനാവാതെ വയനാട് ഒറ്റപ്പെടുന്നു. ഓരോ പെരുമഴക്കാലത്തും വയനാട് ജില്ല ദ്വീപു പോലെയായിരുന്നു. താമരശ്ശേരി, കുറ്റ്യാടി ചുരങ്ങൾ ഇടിഞ്ഞപ്പോൾ യാത്രക്കാർ അനുഭവിച്ച കഷ്ടപ്പാട് വിവരണാതീതമായിരുന്നു. ചികിത്സാസൗകര്യങ്ങൾ കുറഞ്ഞ വയനാട്ടിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളജിലേക്കും, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പ്പിറ്റലുകളിലേക്കും ചുരം കടന്നു പോകേണ്ട ആംബുലൻസുകളിൽ രോഗികളും ബന്ധുക്കളും നിസ്സഹായരായി കേഴുന്ന കാഴ്ച നിത്യസംഭവമായി മാറിയിരിക്കുന്നു. വിമാനം, ട്രെയിൻ തുടങ്ങിയവകളിൽ യാത്ര മുൻകൂട്ടി നിശ്ചയിച്ചു പോകുന്നവരും ജോലി തേടി ഇന്റർവ്യൂവിനും, പരീക്ഷയെഴുതാനും പോകുന്നവരും തുടങ്ങി അനവധി ജീവിതാവശ്യങ്ങളുമായി ചുരമിറങ്ങേണ്ടി വരുന്നവർക്കും ഈ ഗതാഗതക്കുരുക്ക് ഒരു തീരാശാപമായി തീർന്നിരിക്കുന്നു. പശ്ചിമഘട്ട മലനിരകളിൽ ടിപ്പുവിന്റെ പടയോട്ട കാലത്തേയുള്ള താമരശ്ശേരി, കുറ്റ്യാടി ചുരം റോഡുകളിലെ വാഹനപ്പെരുപ്പവും വീതിയില്ലാത്ത സ്ഥിതിയും, പെട്ടെന്നുണ്ടാകുന്ന ഗതാഗത തടസ്സങ്ങളും നിമിത്തം മേല്പറഞ്ഞ ചുരങ്ങൾക്ക് ബദൽ റോഡുകൾ അനിവാര്യമായിരിക്കുന്നു.

വയനാട്ടിലേക്ക് ദൂരവും കയറ്റവും വളവുതിരിവുകളും കുറഞ്ഞ നിരവധി ബദൽ പാതകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സമീപകാലത്ത് നാലു പാതകൾ സജീവമായി പരിഗണനയിൽ വന്നതാണ്. തദ്ദേശീയർ പാതകൾ വെട്ടിത്തുറക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ അവ യാഥാർത്ഥ്യമാക്കാനുള്ള പിന്തുണ അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

### പൂഴിത്തോട് – പടിഞ്ഞാറത്തറ റോഡ് (27.2 കി.മീ)

പെരിവണ്ണാമുഴി അണക്കെട്ടിൽ നിന്നും 10 കിലോമീറ്റർ അകലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ പൂഴിത്തോട്ടിൽ നിന്നും ബാണാസുരസാഗർ പദ്ധതിയുടെ സമീപത്തുള്ള പടിഞ്ഞാറത്തറയിലേക്ക് എത്തിച്ചേരുന്ന പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിനായുള്ള പരിശ്രമങ്ങൾക്ക് കാൽനൂറ്റാണ്ടിലധികം പഴക്കമുണ്ട്. കുറ്റ്യാടി, കക്കയം, ബാണാസുരസാഗർ ജലപദ്ധതികളുടെ സാമിപ്യത്താൽ ശ്രദ്ധേയമായ ഈ റോഡ് 8 കിലോമീറ്റർ കോഴിക്കോടു ഭാഗത്തും, 6 കിലോമീറ്റർ വയനാടു ഭാഗത്തും സ്വകാര്യ ഭൂമികളിലൂടെയും ബാക്കി 13 കിലോമീറ്റർ വനത്തിലൂടെയുമാണ് കടന്നു പോകേണ്ടത്. വനത്തിലൂടെ കടന്നുപോകുന്ന വഴിക്ക് വേണ്ടുന്ന 104 ഏക്കർ ഭൂമിക്ക് പകരം അത്രയും ഭൂമി ചക്കിട്ടപ്പാറ, ചങ്ങരോത്ത്, പടിഞ്ഞാറത്തറ പഞ്ചായത്തുകളും റവന്യു വകുപ്പിന്റെ അധീനതയിലുള്ള തൊണ്ടർനാട് പഞ്ചായത്തിലുണ്ടായിരുന്ന 33 ഏക്കർ ഭൂമി അന്നത്തെ റവന്യൂ മന്ത്രി കെ. എം. മാണി പ്രത്യേക താത്പര്യമെടുത്തും വനം വകുപ്പിന് നല്കാൻ തീരുമാനിച്ചു എങ്കിലും വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ചില പ്രവർത്തന മാന്ദ്യം മൂലം കാര്യങ്ങൾ ഉദ്ദേശിച്ച വിധം നടന്നില്ല.

### ആനക്കാംപൊയിൽ – കള്ളാടി റോഡ് ( 14 കി.മീ)

തിരുവമ്പാടി പഞ്ചായത്തിലെ ആനക്കാംപൊയിൽ നിന്നും വയനാട്ടിലെ മേപ്പാടിക്കടുത്തുള്ള കള്ളാടിയിൽ എത്തിച്ചേരാവുന്ന ചുരമില്ലാത്ത റോഡിനായി മുറവിളി ആരംഭിച്ചിട്ട് മൂന്നു പതിറ്റാണ്ട് കഴിഞ്ഞു. ആനക്കാംപൊയിൽ നിന്നും സ്വർഗംകുന്ന് വരെ ഇപ്പോൾ തെളിഞ്ഞ വഴിയുണ്ട്. ഈ പാത കടന്നു പോകുന്നതിന് 4 കിലോമീറ്റർ വനംവകുപ്പ് ഭൂമി വിട്ടുകൊടുക്കണം. വലിയ പാലങ്ങളൊന്നുമില്ലാത്ത ഈ റോഡ് കോഴിക്കോടു നിന്നുള്ള ഗൂഡല്ലൂർ, ഊട്ടി യാത്രക്കാർക്ക് വളരെ ആശ്വാസകരമായിരിക്കും.

### ചിപ്പിലിത്തോട് – തളിപ്പുഴ റോഡ് (14.4 കി.മീ.)

NH-212ന് സമീപത്ത് അടിവാരത്ത് നിന്നും 2 കിലോമീറ്റർ മുകളിൽ ചിപ്പിലിത്തോട്ടിൽ നിന്നും ആരംഭിച്ചു മരുതിലാവ് വഴി വയനാട്ടിലെ പൂക്കോട് തടാകത്തിന് സമീപത്തുള്ള തളിപ്പുഴയിൽ എത്തിച്ചേരുന്ന ചിപ്പിലിത്തോട് - തളിപ്പുഴ റോഡ് വളരെയധികം ശ്രദ്ധേയമാണ്. ചിപ്പിലിത്തോട് ഭാഗത്ത് 5.4 കിലോമീറ്ററും തളിപ്പുഴ ഭാഗത്ത് 5 കിലോമീറ്ററും സ്വാകാര്യഭൂമിയും ബാക്കി ഭാഗം റിസർവ്വ് ഫോറസ്റ്റുമാണ്. നിലവിലുള്ള താമരശ്ശേരി ചുരത്തിനെക്കാൾ വീതിയിൽ നിർമിക്കാവുന്ന ഈ പാത വളരെയധികം പ്രയോജനകരവും മനോഹരവുമായിരിക്കും.




### തുഷാരഗിരി – വൈത്തിരി റോഡ് (15 കി.മീ)

ടൂറിസ്റ്റ് കേന്ദ്രമായ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിക്ക് സമീപത്തുള്ള വട്ടച്ചിറ, ആദിവാസി കോളനി ഭാഗത്തു നിന്നും ആരംഭിച്ചു അരുണഗിരി വഴി വൈത്തിരിയിലെത്തിചേരാവുന്നതാണ് ഈ പാത.

മാനന്തവാടിക്കടുത്ത് ബോയ്സ് ടൗൺ വഴി കൊട്ടിയൂരിലെത്തുന്ന കുത്തനെ ഇറക്കവും കയറ്റവും ഹെയർപിൻ വളവുകളും കൊണ്ടു ഭീതിജനകമായ ചുരം റോഡിനും നിടുംപൊയിൽ ചുരം റോഡിനും ബദൽ നിർദ്ദേശങ്ങളുണ്ട്. പേരിയ ഭാഗത്തു നിന്നും ആരംഭിച്ച് കണ്ണൂർ ജില്ലയിൽ എത്തിച്ചേരാവുന്ന ബദൽ റോഡുകൾ പരിഗണിക്കേണ്ടതുണ്ട്. നിലമ്പൂരിൽ നിന്നും നാടുകാണി ചുരം വഴി പന്തല്ലൂരിലൂടെ വയനാട്ടിലേക്കുള്ള യാത്രയും പലതുകൊണ്ടും ബുദ്ധിമുട്ടുള്ളതാണ്.

വയനാടിന്റെ യാത്രാവശ്യം മാത്രമല്ലിത്. വർധിച്ചു വരുന്ന ജീവിതാവശ്യങ്ങളുമായി കൊച്ചിയും ബാംഗ്ലൂരും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ മേഖലയിൽ ചുരത്തിലെ ഗതാഗത കുരുക്കഴിക്കാൻ ഇനിയും വൈകരുത്. അതിനുള്ള ഏക പോംവഴി അടിയന്തിരമായും ബദൽ പാതകൾ നിർമിക്കുക എന്നതാണ്. പലതുകൊണ്ടും അവഗണിക്കപ്പെട്ട ഈ മേഖലയിൽ പതിറ്റാണ്ടുകളായി നിലനില്ക്കുന്ന ഈ ജനകീയാവശ്യത്തെ യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി അനിവാര്യമാണ്.



## വയനാടു വഴി റെയിൽവേ വേണം

നിലമ്പൂർ-വയനാട്-നഞ്ചൻഗോഡ് റെയിൽവേ ലൈൻ സംബന്ധിച്ചു സർവേ നടത്തി കേന്ദ്ര സർക്കാരിന്റെ പക്കൽ റിപ്പോർട്ടുണ്ട്. ഈ പാത വന്നാൽ ഈ മേഖലയിലെ ചരക്ക്-യാത്രാ പ്രശ്നങ്ങൾക്കു പൂർണവിരാമമാകും. വന്യജീവി-പരിസ്ഥിതി സൗഹൃദ റെയിൽവേ ഗതാഗതം ഈ സാഹചര്യത്തിൽ കൂടുതൽ പ്രസക്തമാകുന്നു. വനത്തിൽ ഓവർ ഹെഡ്റെയിലും അണ്ടർഗ്രൗണ്ട് ടണൽറെയിലും പാതയോരക്കിടങ്ങും വൈദ്യുതിവേലിയും ഇലക്ട്രിക് ട്രെയിനുമൊക്കെ സാധ്യമാകുന്ന ഇക്കാലത്ത് അതിനായുള്ള അടിയന്തിര പരിശ്രമമാണാവശ്യം. നിർദ്ദിഷ്ട നഞ്ചൻഗോഡ്-വയനാട്-നിലമ്പൂർ റെയിൽവേ സാധ്യമാക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവരണം. കോഴിക്കോടു നിന്നും വടകര നിന്നും വയനാടുവഴി റെയിൽവേ വരണമെന്നുള്ള നിർദ്ദേശങ്ങളും സജീവമായി പരിഗണിക്കേണ്ടതാണ്.

യാത്രാ സൗകര്യങ്ങൾ കുറഞ്ഞ മെഡിക്കൽ കോളജോ വിദഗ്ധ ചികിത്സാ സൗകര്യങ്ങളോ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ ശാസ്ത്രസാങ്കേതിക വിദ്യാലയങ്ങളോ വ്യവസായങ്ങളോ ഇല്ലാത്ത അവികസിതമായ വയനാടൻ കാർഷിക മേഖല തേങ്ങുകയാണ്. കാപ്പി, കുരുമുളക്, തേയില, ഓറഞ്ച്, ഇഞ്ചി, ചേന, കപ്പ, നെല്ല് തുടങ്ങി ഈ മണ്ണിൽ നിന്നും അധ്വാന ഫലംകൊണ്ട് നാടിന് ഭക്ഷണം നല്കുകയും വിദേശനാണ്യം നേടിത്തരികയും ചെയ്ത വയനാടൻ കർഷകൻ നേരിട്ടതും നേരിടാനുള്ളതുമായ സാമ്പത്തിക രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം അകലെ മാത്രമാകുന്നു. അവഗണനയുടെ തുടർക്കഥ നീണ്ടു പോകുമ്പോൾ ഈ നാടിന്റെ ദു:ഖമകറ്റാൻ നമുക്ക് വേറൊരു വഴി തേടേണ്ടിവരുമെന്നത് തീർച്ച!

*(കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാ പ്രസിഡണ്ടാണ് ലേഖകൻ.)*

CYAN MAGENTA YELLOW BLACK

ചുവരെഴുത്തുകൾ

ശ്വേതകേതു

# പരിഭവിക്കണ്ട ജീസു; ഇത് ദൈവനിയോഗമാണ്

നിഷിദ്ധമല്ലെങ്കിലും അപനിർമാണകാലത്തെ നിഷേധമെന്നോണം തിടംവെയ്ക്കുന്ന വ്യക്തിനിഷ്ഠമായ പ്രതിബോധം ആപത്ക്കരമെന്ന് തിരിച്ചറിയാതെ വിളിച്ചുകൂവുന്നതാരാണ്; ജനപ്രതിനിധികളല്ലാതെ! ഇവിടെ വികലമാവുന്നതാവട്ടെ എഴുത്തുകാരന്റെ ഭാവനയും വിശാലസഖ്യവും പിന്നെ പ്രതിബദ്ധതയും. എവിടെയും എടുത്തുപെരുമാറാനുള്ള അക്ഷമയുടെ കൈവശാവകാശക്കാരെന്ന അവബോധം ആഭാസത്തിന്റേതാണ്, അല്ലെങ്കിൽ കാതലില്ലാത്ത ധിക്കാരത്തിന്റെ കരിമുഖവും. അടക്കമൊതുക്കത്തിന്റെ ശീലം മറന്നതിനാൽ അപമാനിതനാവാനുള്ള ഒരവസരവും നഷ്ടപ്പെടുത്തുന്നില്ലവർ. അത്തരത്തിൽ ഭരണമേറ്റനാൾ മുതൽ എവിടെയും ധിക്കാരത്തിന്റെ നാവനക്കം കാണിച്ച മന്ത്രിസഭാംഗമാണ് ജി.സുധാകരൻ. സഹകരണ-ദേവസ്വം വകുപ്പുകൾ കൈയാളിയ മന്ത്രിക്ക് കാലാവധിയുടെ പൂർവാർദ്ധത്തിൽ ദേവസ്വം ഭരണം കൈമോശം വന്നിരിക്കുന്നു, ദൈവനിയോഗം പോലെ!




തിരുവിതാംകൂർ ദേവസ്വം ഭരണം ആരിൽ നിക്ഷിപ്തമായാലും ഭരണനിർവഹണം നിരീക്ഷിക്കുന്ന ഭക്തജനങ്ങൾക്ക് ഹൃദയവേദന അനുഭവപ്പെടാത്ത അപൂർവകാലങ്ങളേ ഉണ്ടായിട്ടുള്ളൂ. കൊച്ചി-മലബാർ ദേവസ്വം ഭരണത്തിലും നിഴല്പാട് മറ്റൊന്നല്ല. റിബലാവാനും എല്ലാ വിപൽസാധ്യതകളും മുതലാക്കാനും ഇറങ്ങിത്തിരിക്കുന്നവരെ ഇരുത്തിവാഴിക്കാനുള്ള ഇഷ്ടലാവണമാണല്ലോ സ്വയംഭരണാവകാശമുള്ള ബോർഡുകൾ. അങ്ങനെയുള്ള സ്ഥാനങ്ങളിൽ കയറിപ്പറ്റുന്നവർ എന്താവും ചെയ്യുക? ഭക്തിയുടെയും സംസ്കാരത്തിന്റെയും ചന്ദനക്കുറി തൊട്ട്, സ്വർണം കെട്ടിയ രുദ്രാക്ഷവുമണിഞ്ഞ് ഇഷ്ടക്കാർക്കു മാത്രമായി തുലാഭാരവും നവകാഭിഷേകവും നടത്തുന്നു. തേവർക്കായുള്ള കളഭാഭിഷേകമല്ല; ഭരണക്കാർക്കു മാത്രമായുള്ള ഉദയാസ്തമയ പൂജയിലാണ് അവർക്കു താത്പര്യം. മന്ത്രിയുടെ ഇഷ്ടം തന്ത്രി തടഞ്ഞാലും കഴകവൃത്തി മുതൽ മേൽശാന്തി നിയമനത്തിനുവരെയുണ്ട് പടിയും പിടിയും.

അറിവുകേടിന്റെ സൂത്രങ്ങളല്ല; ജാഗ്രത്തായ ആത്മജ്ഞാനത്തിന്റെ മന്ത്രാഭിമുഖ്യമല്ലേ താന്ത്രിക പരിവേഷം നല്കുന്നത്? അതിലേക്കുള്ള വഴി കേവലപാരമ്പര്യവും അവകാശവുമെന്നായപ്പോൾ ഉത്ക്കണ്ഠപ്പെട്ടു, നീതിപീഠംപോലും; സപരിവാര പൂജയും ഭാഗ്യസൂക്തവും പുരുഷസൂക്തവും എന്തെന്നറിയാതെ കൈമലർത്തിയ തന്ത്രിയെക്കണ്ട്. ഘോഷിക്കപ്പെടേണ്ട മഹത്വം ഉപാസകൻ തന്നെ തല്ലിക്കെടുത്തുകയായിരുന്നു പിന്നീടും. വ്യക്തിയിലുള്ള അജ്ഞാനം നശിച്ച് ബ്രഹ്മജ്ഞാനത്താൽ ആത്മസ്വരൂപത്തെ സാക്ഷാൽക്കരിച്ചാൽ വീണ്ടും ജ്ഞാനമാർഗത്തിനു മാറ്റമുണ്ടാവില്ലെന്ന സിദ്ധാന്തം പോലും തടവറയിലാവുന്നു.

കല്പാന്ത കാലത്തോളം പോരുന്ന ഭക്ത്യാരാധനയുടെ വൈകാരിക പ്രതീകമാണ് ശബരിമലയെങ്കിൽ, അപചയങ്ങളുടെ സംരക്ഷകരും മേല്ക്കോയ്മക്കാരുമല്ലേ ദേവസ്വം ബോർഡ്? ഭക്തമനസ്സുകൾക്ക് ശക്തിയും മുക്തിയും ശ്രേയസ്സും നല്കേണ്ട ആരാധനാലയങ്ങൾ മൗഢ്യത്താൽ നിലംപൊത്തിയിട്ടും അതൊന്നും അസ്വസ്ഥമാക്കിയില്ല, ദേവസ്വംവകുപ്പുമന്ത്രിയെ. വർധിച്ച നാസ്തിക്യബോധത്താൽ തറ്റുടുത്തവർക്ക് അത്ര കാര്യമുള്ളതല്ലല്ലോ ഇതൊന്നും!

മന്നത്തു പത്മനാഭനും മങ്കുഴിമാധവനും മംഗലത്തുമഠവും തുടങ്ങി ഉപേന്ദ്രനാഥക്കുറുപ്പും എൻ.ഭാസ്ക്കരൻ നായരും ടി.രാമൻ ഭട്ടതിരിപ്പാടും പ്രസിഡണ്ടുമാരായി ഇരുന്നിടത്താണ് അഡ്വ.ജി. രാമൻനായരും സി.കെ. ഗുപ്തനും സീറ്റു പിടിച്ചത്. ഉത്തരവാദിത്വങ്ങൾ വേണ്ടുംവിധം ഔചിത്യപൂർവം നിർവഹിച്ച വകുപ്പുമന്ത്രിമാരും ചുരുക്കമല്ല. പ്രസിഡണ്ടിനെ ധിക്കരിക്കുന്ന മെമ്പർമാരും, ബോർഡിനെ ശകാരിക്കുന്ന ഉദ്യോഗസ്ഥരും മന്ത്രിയെ പഴിക്കുന്ന തൊഴിലാളി സംഘടനകളും ചേർന്ന് കഴിഞ്ഞ ഭരണകാലത്ത് ചെയ്തുകൂട്ടിയതെന്താണ്? പമ്പയിൽ വെള്ളമില്ലെന്നു പറഞ്ഞാൽ മനസ്സിലാക്കാം; ദർശനം കഴിഞ്ഞ അയ്യപ്പഭക്തർക്ക് അപ്പവും അരവണയും ഇല്ലെന്നു വന്നാലോ? ലെറ്റർ പാഡിൽ മാത്രം മേൽവിലാസമുള്ള കമ്പനിക്ക് ലേലമുറപ്പിച്ചവർ ഉണക്കലരിക്കും ശർക്കരയ്ക്കും പായ്ക്കു ചെയ്യാൻ പ്ലാസ്റ്റിക് കണ്ടെയ്നറിനും നെട്ടോട്ടം ഓടുകയായിരുന്നു. വാഹനം പാർക്കുചെയ്യാനും വിരിവെക്കാനും കഴിയാതെ അയ്യപ്പഭക്തർ വലഞ്ഞ മറ്റൊരു കാലമുണ്ടോ?

കോൺഗ്രസ് (എസ്)ന് മന്ത്രിസ്ഥാനമുറപ്പിച്ചു കടന്നപ്പള്ളി രാമചന്ദ്രനെ മുൻനിർത്തി സിപിഎം നേതൃത്വം തൊടുത്ത അമ്പ് സുധാകരനെ തറപറ്റിച്ചിരിക്കുന്നു. എത്ര പെട്ടെന്നാണ് മന്ത്രി മൗനം ഭൂഷണമാക്കിയത്. സിപിഎം സംസ്ഥാന കമ്മിറ്റി സർക്കാരിന്റെ പ്രതിച്ഛായ ഉദാത്തമാക്കാൻ വീഴ്ചകളിൽ പരതുമ്പോഴും ബേബിയും പാലൊളിയും ശർമയും വിജയകുമാറും മാത്രമേ കരുക്കളായിട്ടുള്ളൂ. ശ്രീമതിയും സുധാകരനും ചേർന്ന് വളരെ നേരത്തെ തന്നെ വഷളാക്കി, കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ കമ്പി പോലെ വളച്ചുകളഞ്ഞില്ലേ ആരോഗ്യവകുപ്പിനെയും സഹകരണത്തെയും ദേവസ്വത്തെയും. ആത്മാർത്ഥമായ ജനസേവനത്തിലൂടെ ക്ഷേമത്തിന്റെ കൊടിവീശാൻ കരുത്തുള്ള ആരെങ്കിലുമുണ്ടോ ഈ മന്ത്രിസഭയിൽ? നേതൃത്വത്തിന്റെ ഊരുവിലക്കിൽ വാചികം നിർത്തി നവരസങ്ങളിൽ മുദ്രയൊളിപ്പിച്ച മുഖ്യമന്ത്രിക്കും മറ്റൊന്നാവുന്നില്ലെങ്കിൽ പിന്നെവിടെയാണ് ഭരണവും കൂട്ടുത്തരവാദിത്വവും?

ഉദ്യോഗനിയമനത്തിനുള്ള ഊടുവഴികളിൽ ഉദ്യോഗാർത്ഥികൾക്ക് മുഖാമുഖം നിശ്ചയിച്ചവർ കോടതി വിധിയോടും അലംഭാവം കാണിച്ചു. കെടുകാര്യസ്ഥതയ്ക്കു മുന്നിൽ ബോധം നഷ്ടപ്പെട്ട് ആശുപത്രിയിൽ കടന്നുകൂടേണ്ട ആതുരനാണോ ബോർഡു പ്രസിഡണ്ട്? കാവല്ക്കാരില്ലാത്ത ദേവാലയങ്ങൾ ചോരന്മാർ തരാതരത്തിൽ കൊള്ളയടിക്കുമ്പോഴും ആർഭാടജീവിതത്തിനു കോപ്പുകൂട്ടുകയായിരുന്നു ബോർഡംഗങ്ങൾ. ആഡംബരകാറും ആധുനികസജ്ജീകരണങ്ങളുള്ള വീടും യാത്രയ്ക്കിടയിൽ വിശ്രമിക്കാൻ പഞ്ചനക്ഷത്രഹോട്ടലും പൈലറ്റും എസ്കോർട്ടും വേണമെന്ന ആവശ്യത്തിനുമുന്നിൽ നിസ്സഹായനാവുകയായിരുന്നു മന്ത്രിയും. ഉള്ളുചുട്ട് കണ്ണീരു വർഷിച്ചു സാധാരണക്കാരനിടുന്ന ചില്ലിക്കാശുകൊണ്ട് എസി മുറിയിലിരുന്ന് രാമനാമംപോലും ജപിക്കാതെ വരുത്തുന്ന ദുർമേദസ്സിനെ പൊറുക്കാൻ പ്രായശ്ചിത്തം ചെയ്യുന്നതും മറ്റാരുമല്ല; ഭക്തജനങ്ങളാണ്.

10 >>

**പമ്പയിൽ വെള്ളമില്ലെന്നു പറഞ്ഞാൽ മനസ്സിലാക്കാം; ദർശനം കഴിഞ്ഞ അയ്യപ്പഭക്തർക്ക് അപ്പവും അരവണയും ഇല്ലെന്നു വന്നാലോ? ലെറ്റർ പാഡിൽ മാത്രം മേൽവിലാസമുള്ള കമ്പനിക്ക് ലേലമുറപ്പിച്ചവർ ഉണക്കലരിക്കും ശർക്കരയ്ക്കും പായ്ക്കു ചെയ്യാൻ പ്ലാസ്റ്റിക് കണ്ടെയ്നറിനും നെട്ടോട്ടം ഓടുകയായിരുന്നു. വാഹനം പാർക്കുചെയ്യാനും വിരിവെക്കാനും കഴിയാതെ അയ്യപ്പഭക്തർ വലഞ്ഞ മറ്റൊരു കാലമുണ്ടോ?**

■ ■

## അറിയേണ്ടും കാര്യങ്ങൾ

ഇറാക്ക് സംഘർഷഭരിതം

### ആശുപത്രികൾ നിറഞ്ഞുകവിയുന്നു



തലസ്ഥാനമായ ബാഗ്ദാദ്, കിർകുക്ക് തുടങ്ങിയ ഇറാഖി നഗരങ്ങളിൽ ബോംബ് സ്ഫോടനങ്ങൾ നിത്യസംഭവമായി തുടരുന്നു. കഴിഞ്ഞ ജൂൺ അവസാനം അമേരിക്കൻ സഖ്യസേനയിൽ നിന്നും സുരക്ഷാചുമതല പൂർണമായും ഇറാഖി സൈന്യം ഏറ്റെടുത്തതിനുശേഷമാണ് തീവ്രവാദി ആക്രമണങ്ങൾ രൂക്ഷമായത്. ബാഗ്ദാദിലെ ആശുപത്രികൾ സ്ഫോടനങ്ങളിലും മറ്റും പരിക്കേറ്റവരെക്കൊണ്ട് നിറഞ്ഞുകവിഞ്ഞിരിക്കുന്നു.

ബാഗ്ദാദിൽ സുരക്ഷ ഏറ്റവും കർശനമായ ഗ്രീൻ സോണിൽ ആഗസ്റ്റ് 19ന് വിദേശമന്ത്രാലയത്തിനു സമീപത്തുണ്ടായ ട്രക്ക് സ്ഫോടനത്തിൽ 95 പേരാണ് തൽക്ഷണം മരിച്ചത്. 500ലധികം പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇത് ഇറാഖിന്റെ ആഭ്യന്തര സുരക്ഷ എത്രമാത്രം അപകടത്തിലായിരിക്കുന്നു എന്നു വ്യക്തമാക്കുന്നു.

| യു.എസ്.സഖ്യസേനാ പിന്മാറ്റത്തിനു ശേഷമുള്ള വലിയ സ്ഫോടനങ്ങൾ | | |
|---|---|---|
| തീയതി | നഗരം | മരണസംഖ്യ |
| ജൂൺ 30 | കിർകുക്ക് | 27 |
| ജൂലൈ 9 | മൊസൂൾ | 50 |
| ജൂലൈ 31 | ബാഗ്ദാദ് | 27 |
| ആഗസ്റ്റ് 19 | ബാഗ്ദാദ് | 95 |

2006-2007 വർഷങ്ങളിൽനിന്നും ഇറാഖിലെ ആഭ്യന്തര സംഘർഷം വളരെയേറെ കുറഞ്ഞിട്ടുണ്ട്. എന്നാൽ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള ചാവേർ സ്ഫോടനങ്ങൾ അടിക്കടി തുടരുന്നത് ഈ രാജ്യത്തെ വീണ്ടും സംഘർഷഭൂമിയാക്കിയിരിക്കുന്നു.

മനുഷ്യത്വഹീനമായ സ്ഫോടനങ്ങൾ നടത്തുന്നവരുടെ ലക്ഷ്യം ഇറാഖീജനതയിൽ ഭീതി സൃഷ്ടിച്ച് രാജ്യത്തിന്റെ നിയന്ത്രണം കൈപ്പിടിയിലൊതുക്കുകയാണെന്നും ഇതിലവർ വിജയിക്കില്ലെന്നും ഇറാഖി പ്രസിഡണ്ട് ജലാൽ തലബാനി പറയുന്നു.

● ● ● ●

### ഇറാൻ പ്രതിരോധമന്ത്രി ഇന്റർപോളിന് പിടികിട്ടാപ്പുള്ളി!



ഇറാൻ മന്ത്രിസഭയിൽ പ്രതിരോധമന്ത്രിയായി ചുമതലയേറ്റ അഹ്മദ് വഹീദി ഇന്റർപോളിന്റെ പിടികിട്ടാപ്പുള്ളി പട്ടികയിൽ. 1994ൽ അർജന്റീനയിലെ ജൂതമേഖലയിൽ ബോംബ് വർഷിച്ച് 85 പേരെ വധിച്ചു എന്നാണു കേസ്. 2007 മുതൽ ഇന്റർപോൾ വഹീദിന് 187 രാജ്യങ്ങളിലായി റെഡ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

അഹ്മദി നെജാദിന്റെ മന്ത്രിസഭയിലേക്കുള്ള വഹീദിന്റെ പ്രവേശനത്തെ അർജന്റീനയും ഇസ്രയേലും ശക്തമായി വിമർശിച്ചിരുന്നു. എന്നാൽ ഇറാന്റെയും നെജാദിന്റെയും ഈ നടപടി തങ്ങളെ അത്ഭുതപ്പെടുത്തുന്നില്ലെന്നും തീവ്രവാദികൾക്ക് സംരക്ഷണവും പ്രോത്സാഹനവും നല്കുക എന്നത് ഇറാന്റെയും അഹ്മദി നെജാദിന്റെയും നിലപാടാണെന്നും അർജന്റീനാ പ്രോസിക്യൂട്ടർ ആൽബേർട്ടോ നിസ്മാൻ പറയുന്നു.

❖ ❖



# ബാലലോകം

## സിപ്പിയങ്കിളും കൂട്ടുകാരും

# കൗമുദിയുടെ വഴി ത്യാഗത്തിന്റെ വഴി

*പ്രിയ കൂട്ടുകാരേ,*

**തൊണ്ണൂറ്റി** രണ്ടാമത്തെ വയസ്സിൽ കൗമുദി ടീച്ചർ അന്തരിച്ചു. 2009 ആഗസറ്റ് നാലാം തീയതിയായിരുന്നു അവരുടെ അന്ത്യം. പിറ്റേ ദിവസത്തെ പത്രങ്ങളിൽ മുൻപേജിൽത്തന്നെ ഇതിന്റെ വാർത്തയും വന്നു. എല്ലാവരും വല്ലാത്ത മനോനൊമ്പരത്തോടുകൂടിയാണ് ആ വാർത്ത വായിച്ചത്!

ആരാണീ കൗമുദി ടീച്ചർ? എന്താണവരുടെ പ്രത്യേകത? നിങ്ങൾക്കറിയാമോ? വർഷങ്ങൾക്കുമുമ്പ് താൻ അണിഞ്ഞിരുന്ന സ്വർണാഭരണങ്ങൾ മുഴുവൻ അഴിച്ചെടുത്ത് ഗാന്ധിയപ്പൂപ്പന് സമർപ്പിച്ച ത്യാഗമയിയായിരുന്നു കൗമുദി ടീച്ചർ!

1934 ജനുവരി പതിമൂന്നിന് വടകരയിലായിരുന്നു ആ സംഭവം. അന്ന് കൗമുദിക്ക് പതിനാറുവയസ്സേ ഉണ്ടായിരുന്നുള്ളൂ. ഹരിജൻ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാനാണ് ഗാന്ധിജി അവിടെ എത്തിയത്.

ഗാന്ധിജിയെ ഒരു നോക്കു കാണാനും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാനും നൂറുകണക്കിനാളുകൾ അവിടെ തിങ്ങിക്കൂടിയിരുന്നു. പ്രസംഗം തീർന്നപ്പോൾ ഗാന്ധിജി പറഞ്ഞു: "നമ്മുടെ ഹരിജനസഹോദരങ്ങൾ വളരെ ദയനീയമായ ഒരു അവസ്ഥയിലാണ്. അവരെ ഉദ്ധരിക്കാൻ നമ്മുടെ അകമഴിഞ്ഞ സഹായം കൂടിയേ തീരൂ. സ്ത്രീകൾക്ക് കൂടുതൽ ആഭരണങ്ങളുണ്ടെങ്കിൽ അതും ഫണ്ടിലേക്ക് സംഭാവന ചെയ്യാവുന്നതാണ്".

ഇതു കേൾക്കേണ്ട താമസം കൗമുദി എന്ന പെൺകുട്ടി സ്റ്റേജിലേക്ക് കയറിച്ചെന്നു. അവൾ തന്റെ കഴുത്തിൽ കിടന്ന സ്വർണമാലയും കയ്യിൽ കിടന്ന കല്ലുപതിച്ച സ്വർണവളകളും കാതിലെ കമ്മലുകളുമെല്ലാം അഴിച്ചെടുത്ത് ഗാന്ധിജിയുടെ കാൽക്കൽ സമർപ്പിച്ചു. അദ്ദേഹം അത്ഭുതം വിടരുന്ന കണ്ണുകളോടെ ആ പെൺകുട്ടിയെ നോക്കി. അദ്ദേഹം ചോദിച്ചു: "മോളേ, മുഴുവൻ ആഭരണങ്ങളും സംഭാവന ചെയ്താൽ നിന്റെ മാതാപിതാക്കൾ വഴക്കു പറയില്ലേ?"

"ഇല്ല ബാപ്പുജീ, ഇല്ല. അക്കാര്യം ഞാൻ അവരെ പറഞ്ഞ് മനസ്സിലാക്കിക്കൊള്ളാം" – കൗമുദി പറഞ്ഞു.

ഗാന്ധിജി നിറഞ്ഞ സന്തോഷത്തോടെ കൗമുദിയെ അനുഗ്രഹിച്ചു. അദ്ദേഹം അന്ന് നടത്തിയിരുന്ന 'ഹരിജൻ' വാരികയിൽ 'കൗമുദി കാ ത്യാഗ്' എന്ന പേരിൽ ഈ സംഭവത്തെക്കുറിച്ച് വളരെ ശ്രദ്ധേയമായ ഒരു വാർത്ത നല്കുകയും ചെയ്തു.

ഈ കൗമുദി വളർന്ന് പില്ക്കാലത്ത് കൗമുദി ടീച്ചറായി. അവിവാഹിതയായി ജീവിച്ച അവർ ഗാന്ധിയൻ ആദർശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി തന്റെ ജീവിതകാലം മുഴുവൻ പരിശ്രമിച്ചു.

ദീർഘകാലം അധ്യാപികയായി അവർ സേവനം ചെയ്തു. മലബാർ പ്രദേശത്ത് സർക്കാർ സർവീസിൽ സേവനം ചെയ്ത ആദ്യത്തെ ഹിന്ദി അധ്യാപിക എന്ന സ്ഥാനവും അവർക്കു തന്നെയായിരുന്നു.

കൗമുദി ടീച്ചറെപ്പോലെ സമൂഹത്തിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുവാനും ത്യാഗമനസ്ഥിതിയോടുകൂടി വളർന്നുവരുവാനും ചെറുപ്പം മുതൽ തന്നെ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്.

*സസ്നേഹം,*

***സിപ്പിയങ്കിൾ***

## അക്ഷരഗാനം

**കുട്ടിക്കവിത**

## ഏ



ഏഴാം കുന്നിന്റുച്ചിയിലും
ഏഴാം കടലിന്നക്കരെയും
ഏഴു നിറങ്ങൾ ചാലിച്ച്
ഏഴഴകായൊരു മഴവില്ല്!

***മാത്യു കാരാംവേലി***

# ഹെയ്ദി

## പൂച്ചക്കുട്ടികൾ

**ബാലനോവൽ - 8**

**ജോഹന്നാസ് സ്പൈറി**

**പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ**

**പി**റ്റേന്ന് പ്രഭാതത്തിൽ ഉണർന്നപ്പോൾ താൻ എവിടെയാണെന്ന് ഒരു തപ്പലുണ്ടായി ഹെയ്ദിക്ക്. മലമുകളിലെ അപ്പൂപ്പന്റെ വീട്ടിലല്ല താനിപ്പോൾ എന്ന് അവൾ സാവധാനം ഓർമിച്ചെടുത്തു.

അവൾ എഴുന്നേറ്റ് ജനാലയ്ക്കൽ ചെന്ന് പുറത്തേക്കുനോക്കി. താൻ ഇപ്പോൾ മലമുകളിലായിരുന്നെങ്കിൽ പുറത്തിറങ്ങി ഓടിനടക്കാമായിരുന്നല്ലോ എന്നോർത്തപ്പോൾ ഇവിടെ തനിക്കൊന്നിനും സ്വാതന്ത്ര്യമില്ലെന്ന് അവൾക്കു തോന്നി.

അപ്പോൾ വേലക്കാരി വാതിലിൽ മുട്ടി പ്രാതൽ കഴിക്കാറായി എന്നറിയിച്ചു. ഹെയ്ദിക്ക് മലമുകളിൽ അങ്ങനെയുള്ള ഭക്ഷണക്രമമൊന്നും പരിചിതമായിരുന്നില്ല. അപ്പൂപ്പന് തോന്നുമ്പോൾ ഉണ്ടാക്കും. വിശക്കുമ്പോൾ കഴിക്കും. അത്രതന്നെ.



ഭക്ഷണം കഴിക്കാൻ തീൻമുറിയിലേക്ക് ചെന്ന അവളെ മിസ് റോട്ടൻമിയർ വൈകി ഉണർന്നതിന് വഴക്കു പറഞ്ഞു. ഹെയ്ദി അത് കേട്ടതായി നടിച്ചില്ല.

പ്രാതൽ കഴിച്ചശേഷം ഹെയ്ദിയും ക്ലാരയും ഒന്നിച്ചിരുന്ന് വർത്തമാനം തുടങ്ങി. ഹെയ്ദി അപ്പൂപ്പനെക്കുറിച്ചും മലമുകളിലെ ജീവിതത്തെക്കുറിച്ചും വാചാലമായി സംസാരിച്ചു. പീറ്റർ, പീറ്ററിന്റെ അമ്മ, മുത്തശ്ശി, ആടുകൾ തുടങ്ങി ഒന്നും വിട്ടുപോകാതിരിക്കാൻ അവൾ ശ്രദ്ധിച്ചു.

അപ്പോഴാണ് ക്ലാരയുടെ അധ്യാപകൻ ഉഷർ വന്നത്. അന്നുമുതൽ ഹെയ്ദിയെയും പഠിപ്പിക്കണമെന്ന് ആയ പറഞ്ഞു. ആ മലമൂടൻ പെണ്ണ് ഒന്നും പഠിക്കുമെന്ന് പ്രതീക്ഷയില്ലെന്നും അവർ ഒപ്പം പറയാതിരുന്നില്ല.

ഹെയ്ദി സന്തോഷത്തോടെ പഠനമുറിയിലേക്ക് ചെന്നു. കഷ്ടകാലത്തിന് അവളുടെ കാലിൽ മേശവിരി കുടുങ്ങി; അത് താഴേയ്ക്ക് ഊർന്നുവീണു. ഒപ്പം അതിന്റെ മുകളിലിരുന്ന വസ്തുക്കളും. വലിയൊരു ശബ്ദം കേട്ട് ഓടിവന്ന റോട്ടൻമിയർ കണ്ടത് മഷിക്കുപ്പി പൊട്ടിച്ചിതറി മുറി മുഴുവൻ വൃത്തികേടായി കിടക്കുന്നതാണ്.

ഇതിനകം ഹെയ്ദി പുറത്തെ വാതിൽക്കലേക്ക് രക്ഷപ്പെട്ടിരുന്നു. മലമുകളിൽ ദേവതാരുവൃക്ഷങ്ങൾ തമ്മിൽ ഉരഞ്ഞുണ്ടാകുന്ന തരം ശബ്ദം കേട്ടാണ് അവൾ വാതിൽക്കലേക്കോടിയെത്തിയത്. മിനുസമായ റോഡിലൂടെ ഒരു വണ്ടി പോകുന്ന ശബ്ദമാണവൾ കേട്ടത്. ആ സമയം അതിനെക്കാൾ പരുപരുത്ത ശബ്ദത്തിൽ റോട്ടൻമിയർ അവളെ താക്കീത് ചെയ്യുന്നതും അവൾ കേട്ടു.

പഠിത്തം കഴിഞ്ഞ് അധ്യാപകൻ പോയതോടെ ക്ലാര ഉറങ്ങാൻപോയി. ഹെയ്ദിക്ക് ഉച്ചയുറക്കമൊന്നും ശീലമില്ല. അവൾക്ക് പുറംലോകം കാണണമെന്നുതോന്നി. ജനാലയിലൂടെ നോക്കിയാൽ ചുറ്റുമുള്ള കെട്ടിടങ്ങളുടെ വിരസമായ കാഴ്ചമാത്രം. നഗരമൊന്നാകെ കാണാനവൾ കൊതിച്ചു.

അതുകൊണ്ടവൾ സെബാസ്റ്റ്യനോട് ചോദിച്ചു. നഗരദൃശ്യം പൂർണമായി കാണണമെങ്കിൽ പള്ളിമേടയുടെ ഗോപുരത്തിന് മുകളിൽ കയറി നോക്കണമെന്നയാൾ പറഞ്ഞു. അവളുടനെ പുറത്തേക്കിറങ്ങി നിരത്തിലൂടെ നടക്കാൻ തുടങ്ങി. പക്ഷേ പള്ളിയിലേക്കുള്ള വഴി അവൾക്കറിയില്ലല്ലോ. ആരോടെങ്കിലും ചോദിക്കാമെന്ന് വച്ചാൽ എല്ലാവരും ഭയങ്കര തിരക്കിലാണ്. ഒരാൾക്കും ആ ചെറിയ കുട്ടിയെ ശ്രദ്ധിക്കാൻ പോലും സമയമില്ല.

അപ്പോഴാണ് ഒരു ചെണ്ടയും മുട്ടിക്കൊണ്ട് ഒരു തെരുവുചെക്കൻ അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അവളെ പള്ളിയിലെത്തിക്കാമെന്ന് അവൻ സമ്മതിച്ചു. പക്ഷേ അതിനു തനിക്ക് ചില്ലറ പൈസ കിട്ടണം. അത് പിന്നീട് ക്ലാരയോട് വാങ്ങിക്കൊടുക്കാമെന്ന് അവൾ ഏറ്റു. അവന്റെ പിന്നാലെ അവൾ പള്ളിയിലേക്ക് നടന്നു.

പള്ളിയിലെത്തിയ അവൾക്ക് ഒരു വൃദ്ധൻ ഗോപുരത്തിലേക്കുള്ള വഴി കാണിച്ചുകൊടുത്തു. ഗോപുരത്തിന് മുകളിൽ വലിഞ്ഞുകയറി നോക്കിയ ഹെയ്ദിക്ക് നിരാശ തോന്നി. നഗരത്തിലെ വീടുകളുടെ മേല്ക്കൂരകൾ അങ്ങനെ പരന്നുകിടക്കുന്നതല്ലാതെ മറ്റൊന്നും അവൾക്ക് കാണാൻ കഴിഞ്ഞില്ല. വൃദ്ധൻ അവൾക്ക് തന്റെ പൂച്ചക്കുട്ടികളെ കാണിച്ചുകൊടുത്തു. അവയുടെ കളിയും ഓട്ടവും കണ്ട് ഹെയ്ദിക്ക് സന്തോഷമായി.

*(തുടരും)*

# ജനാധിപത്യമുഖം നഷ്ടപ്പെട്ട സർക്കാർ കേരളത്തിനു കളങ്കം

## സി.എഫ്.തോമസ്

ജനാധിപത്യമുഖം നഷ്ടപ്പെട്ട ഇടതുസർക്കാർ കേരളത്തിനു കളങ്കമായി ത്തീർന്നിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി. എഫ്.തോമസ് എംഎൽഎ പറഞ്ഞു.

അധികാരവടംവലിയും പരസ്പര വിശ്വാസമില്ലായ്മയും സിപിഎമ്മിനു ള്ളിൽ കൊടികുത്തിവാഴുമ്പോൾ അവർ ക്ക് ഒരു ഉറച്ച ഭരണം കാഴ്ചവെക്കുവാൻ കഴിയുകയില്ല. ഒരു മുഖ്യമന്ത്രി തന്റെ പൊളിറ്റിക്കൽ സെക്രട്ടറിയിലും മറ്റ് സ്റ്റാഫ് അംഗങ്ങളിലും വിശ്വാസമില്ലെന്നു പറയുന്നത് ചരിത്രത്തിൽ ആദ്യ സംഭവ മാണ്. സംസ്ഥാനത്ത് വികസനപദ്ധതി കൾ അട്ടമറിക്കപ്പെടുന്നതിനും വിവാദ ങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും പിന്നിൽ തന്റെ ഓഫീസിന്റെ കൃത്യവിലോപമാണ് എന്നു മുഖ്യമന്ത്രി സംശയിക്കുന്നു. ഇതു ബലപ്പെടുത്തുന്നതാണ് കഴിഞ്ഞ നാളു കളിലെ അനുഭവങ്ങൾ.

കൂട്ടുത്തരവാദിത്വവും പരസ്പര വി ശ്വാസവുമുള്ള ഒരു നേതൃത്വത്തിനേ വി കസനോന്മുഖമായ ഒരു സമൂഹത്തെ സൃ ഷ്ടിക്കുവാൻ കഴിയുകയുള്ളൂ. അവ നഷ്ടപ്പെട്ടാൽ എന്തുണ്ടാകും എന്നതിനു തെളിവാണ് സംസ്ഥാനത്തിന്റെ ഇന്ന ത്തെ പരിതാപകരമായ അവസ്ഥ. ഇടതു സർക്കാർ അവരുടെ ഭരണനേട്ടമായി വാനോളം ഉയർത്തിക്കാട്ടിയ സ്മാർട്സി റ്റി ഇന്ന് വിസ്മൃതിയിലാണ്ടിരിക്കുകയാ ണ്. ഈ പദ്ധതിയുടെ കാര്യത്തിൽ യു ഡിഎഫ് സർക്കാർ സ്വീകരിച്ച നടപടി കളിൽ നിന്നും ഒരു ചുവടുപോലും മു ന്നോട്ടുപോകുവാൻ കഴിയാതിരുന്ന ഇട തുസർക്കാർ ആ പദ്ധതിയുടെ സാധ്യത



കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റി ജോസ് കെ.മാണി എംപിക്ക് നല്കിയ സ്വീകരണ സമ്മേളനം പാർട്ടി ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ഇ.ജെ.ആഗസ്തി, അഡ്വ.ജോബ് മൈക്കിൾ, ജോസ് കെ.മാണി എം.പി, ബേബി ഉഴുത്തുവാൽ, സജി മഞ്ഞക്കടമ്പിൽ, സ്റ്റീഫൻ ജോർജ്, അഡ്വ.മുഹമ്മദ് ഇക്ബാൽ, ജോൺ ജോസഫ് എന്നിവർ സമീപം.

യെപ്പോലും തകിടംമറിച്ചിരിക്കുന്നു. ഇതു കേരളത്തിലെ യുവസമൂഹത്തോടു ചെയ്ത ഏറ്റവും വലിയ വഞ്ചനയാണ്.

ആസിയാൻ രാഷ്ട്രങ്ങളുമായി ഒപ്പിട്ട കരാർ ആശങ്കകളുടെ പ്രളയം തന്നെയാ ണ് സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നത് എന്നതിൽ തർക്കമില്ല. കാർഷികകടം എഴുതിത്തള്ളൽ പദ്ധതി ഉൾപ്പെടെയുള്ള യുപിഎ സർക്കാരിന്റെ കർഷകരക്ഷാ പദ്ധതികളുടെ ശോഭയ്ക്ക് മങ്ങലേല് ക്കാത്തവിധം കർഷകദ്രോഹ നിലപാടു കൾ ആസിയാൻ കരാറിൽ ഇല്ല എന്നുറ പ്പാക്കണമെന്നും സി.എഫ്.തോമസ് പറ ഞ്ഞു.

കേരളാ യൂത്ത് ഫ്രണ്ട് (എം) കോ ട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജോസ് കെ.മാണി എം.പിക്ക് നല്കിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെ യ്യുകയായിരുന്നു അദ്ദേഹം. പാർട്ടി ജില്ലാ പ്രസിഡണ്ട് ഇ.ജെ.ആഗസ്തി, ബേബി ഉഴുത്തുവാൽ, സ്റ്റീഫൻ ജോർജ്, സജി മഞ്ഞക്കടമ്പിൽ, അഡ്വ.ജോബ് മൈ ക്കിൾ, ജോൺ ജോസഫ്, അഡ്വ.മുഹമ്മദ് ഇക്ബാൽ എന്നിവർ പ്രസംഗിച്ചു.

# ഇടതുസർക്കാർ ഉദ്യോഗസ്ഥരെ രാഷ്ട്രീയായുധമാക്കുന്നു

## എൻ.ജി.ഒ. ഫ്രണ്ട് (എം)



സർക്കാർ ജീവനക്കാരോടും അധ്യാപകരോടും ഇടതുസർക്കാർ തുടരുന്ന അവഗ ണനയ്ക്കെതിരെ എൻ.ജി.ഒ. ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് ധർണ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.തോമസ് ഉണ്ണിയാടൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. എൻ.ജി.ഒ. ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് ജോർജ്, പി.സി.ജോസഫ്, കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് അഡ്വ.കൊട്ടാരക്കര പൊന്നച്ചൻ എന്നിവർ സമീപം.

പൊതുജനങ്ങളുടെ ജനാധിപത്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപ യോഗിക്കേണ്ട സർക്കാർ ഉദ്യോഗസ്ഥ ന്മാരെയും സർക്കാർ സംവിധാനങ്ങളെ യും ഭരണത്തിന് നേതൃത്വം നല്കുന്ന സി പിഎം ഭീഷണിയിലൂടെ തങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള രാഷ് ട്രീയ ആയുധമാക്കി മാറ്റിയിരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി തോമസ് ഉണ്ണിയാടൻ എംഎൽ എ പറഞ്ഞു. സർക്കാർ ജീവനക്കാരോടും അധ്യാപകരോടുമുള്ള ഇടതുസർക്കാ രിന്റെ അവഗണനയിൽ പ്രതിഷേധിച്ച് എൻ.ജി.ഒ. ഫ്രണ്ട് (എം) സംസ്ഥാന കമ്മി റ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെ ക്രട്ടറിയേറ്റ് ധർണ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം.

ഇടക്കാലാശ്വാസം അനുവദിക്കുക, ശമ്പളപരിഷ്കരണ നടപടികൾ ത്വരിതപ്പെ ടുത്തുക, വിരമിക്കൽ തീയതി ഏകീക രണം പിൻവലിക്കുക, വിലക്കയറ്റം തടയു ക, ഭരണസ്തംഭനം ഒഴിവാക്കുക, ഫുൾ പെൻഷൻ കാലാവധി 20 വർഷമായി കു റയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാ യിരുന്നു ധർണ.

എൻ.ജി.ഒ. ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് ജോർജ് അധ്യ ക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് അഡ്വ.കൊട്ടാരക്കര പൊന്നച്ചൻ, വി.എ സ്.ശിവകുമാർ, സംസ്ഥാന സെക്രട്ടറി സ ജി ചിറയത്ത്, പി.സി.ജോസഫ്, ജയ്സൺ മാന്തോട്ടം, എൻ.ജെ.എബ്രഹാം, ജോണി എം.ജോൺ, ജോൺ സൈമൺ, ആർ.സു കു, വൈ.സൈമൺ, ബാലകൃഷ്ണൻ നാ യർ, ബാലരാമപുരം അൽഫോൺസ്, വി. ബാലചന്ദ്രൻ നായർ എന്നിവർ പ്രസംഗി ച്ചു.

# കാഞ്ഞിരപ്പള്ളി സഹകരണബാങ്ക്

## കെ.ജോർജ് വർഗീസ് പൊട്ടംകുളം പ്രസിഡണ്ട്



യുഡിഎഫ് ഉജ്വലവിജയം നേ ടിയ കാഞ്ഞിരപ്പള്ളി സർവീസ് സഹ കരണബാങ്ക് പ്രസിഡണ്ടായി കെ.ജോർ ജ് വർഗീസ് പൊട്ടംകുളത്തെ തെര ഞ്ഞെടുത്തു. കേരളാ കോൺഗ്രസ് (എം) കാഞ്ഞിരപ്പള്ളി നിയോജകമ ണ്ഡലം പ്രസിഡണ്ടാണ് അദ്ദേഹം.



നോർത്ത്-വെസ്റ്റ് നേഴ്സിംഗ് കലോത്സവത്തിൽ കലാതിലകമായി തെരഞ്ഞെടുക്കപ്പെട്ട ജിൻസി കാഞ്ഞിരക്കാട്ടിന് കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ പാരിതോഷികം പാർലിമെന്ററി ലീഡർ കെ.എം.മാണി നല്കുന്നു. ജോസഫ് എം.പുതുശ്ശേരി എം.എൽ.എ, പി.ടി.ജോസ്, ചെറിയാൻ പോളച്ചിറയ്ക്കൽ, വിക്ടർ ടി.തോമസ് എന്നിവർ സമീപം.



മറ്റത്തൂർ പഞ്ചായത്തിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിൽ തുടരുന്ന അനാസ്ഥയിൽ പ്രതിഷേധിച്ച് കേരളാ കോൺഗ്രസ് (എം) മറ്റത്തൂർ മണ്ഡലം കമ്മിറ്റി യുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഓഫീസിനു മുന്നിൽ നടത്തിയ ധർണ പാർട്ടി സം സ്ഥാന സെക്രട്ടേറിയേറ്റ് അംഗം ബേബി മാത്യു കാവുങ്കൽ ഉദ്ഘാടനം ചെയ്യുന്നു. മ ണ്ഡലം പ്രസിഡണ്ട് ഇ.എം.മാത്യു, ബേബി നെല്ലിക്കുഴി, ജോർജ് താഴേക്കാടൻ, ടി.എം. ചന്ദ്രൻ, അഡ്വ.റോയി ജോർജ്, ജോസ് കുര്യൻ, ക്ലാര ജോണി, റോഷി ബെന്നി, പ്രഭാകരൻ ചാലാശ്ശേരി, സാബു ഹസൻ എന്നിവർ സമീപം.

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# പ്രസിഡന്റുമൊത്ത് ഒരു ഫോട്ടോ

ഡൽഹിയിലെ പ്രഗതി മൈതാനത്ത് രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന വേൾഡ് ബുക്ക് ഫെയർ പലതുകൊണ്ടും ശ്രദ്ധേയമാണ്. ഫ്രാങ്ക്ഫർട്ട് (ജർമനി) ബുക്ക് ഫെയർ കഴിഞ്ഞാൽ ഇത്രയധികം പ്രശസ്തി നേടിയിട്ടുള്ള ബുക്ക് ഫെയർ ഉണ്ടോ എന്നു സംശയിക്കുന്നു.

ഇന്ദിരാഗാന്ധിയുടെ കാലത്ത് ഏഷ്യാഡ് പോലെ ഇന്ത്യയുടെ പ്രശസ്തിയും പുരോഗതിയും വർധിപ്പിച്ച ഒന്നാണ് ഈ ലോകപുസ്തകമേള. ഏഷ്യാഡ് ഡൽഹിയിലെ റോഡുകൾ വികസിക്കാനും ഇന്ത്യയിൽ കളർ ടെലിവിഷൻ വ്യാപകമാകാനും സഹായകമായി. ലോകപുസ്തകമേള എൺപതുകളിൽ ആരംഭിച്ചപ്പോൾ പ്രഗതി മൈതാൻ അതിനുവേണ്ടി രൂപപ്പെടുത്തിയെടുത്തതാണ്. ട്രേഡ് ഫെയറുകൾ നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം.

അതിലുപരി ഡൽഹിയിലെ ജനസഞ്ചയ, വാഹനത്തിരക്കുകളിൽ നിന്ന് അകന്ന് അല്പനേരം ശുദ്ധവായു ശ്വസിക്കാനും സകുടുംബം ഉല്ലാസവേള സൃഷ്ടിക്കാനും പ്രഗതി മൈതാൻ സഹായിക്കുന്നു. ഇന്ന് മെട്രോ ട്രെയിന് പ്രഗതി മൈതാനത്തേക്ക് ലൈൻ വികസിപ്പിച്ച് സ്റ്റോപ്പ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

പുസ്തകമേളകൾ എപ്പോഴും ഒരു സാംസ്കാരികദൗത്യം നിർവഹിക്കുന്നുണ്ട്. വിവിധ സംസ്കാരങ്ങളുമായി ഇടപഴകാനും അവയുടെ മുദ്രകൾ കണ്ടാസ്വദിക്കാനും ഇഷ്ടപ്പെട്ട ഭാഷകളിലെ ഇഷ്ടപ്പെട്ട എഴുത്തുകാരുടെ ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വാങ്ങാനും പുസ്തകമേളകൾ ഉപകരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന നിലയിൽ ഇന്ത്യയിൽ നടക്കുന്ന വേൾഡ് ബുക്ക് ഫെയർ എന്നും ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. രണ്ടുവർഷത്തിലൊരിക്കൽ ഇത് വന്നുചേരാൻ കാത്തിരിക്കുന്ന പുസ്തകപ്രസാധകരും പുസ്തകപ്രേമികളുമുണ്ട്.

ആദ്യകാലങ്ങളിൽ തുടർച്ചയായി അഞ്ചു പുസ്തകമേളകളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. അന്ന് ഒരുത്സവം പോലെ ഇവിടെ നിന്ന് നിരവധി സാഹിത്യകാരന്മാരും പുസ്തകപ്രസാധകരും ഡൽഹിക്ക് വണ്ടികയറുമായിരുന്നു.

1988ൽ വേൾഡ് ബുക്ക് ഫെയറിനായി പോവുകയാണ്. ഡി.സി.കിഴക്കേമുറി, ഡോ. അയ്യപ്പപണിക്കർ, സി.ജി.വാസുദേവൻ നായർ, സത്യൻ മുട്ടമ്പലം, ബാബു കുഴിമറ്റം, കുന്നുപറമ്പിൽ പുന്നൂസ്, ഡോ.ചുമ്മാർ, പി. ആർ.ചന്ദ്രൻ തുടങ്ങിയവർ സംഘത്തിലുണ്ട്.

കേരള ബുക്ക് പബ്ലീഷേഴ്സ് അസോസിയേഷന് ഒരു സ്റ്റാൾ ഉണ്ട്. ഡി.സി. അതിന്റെ പ്രസിഡണ്ടാണ്. കേരള ബുക്ക് സൊസൈറ്റി എന്ന സംഘടന സ്മോൾ പബ്ലീഷേഴ്സിന്റെ പുസ്തകങ്ങൾ ശേഖരിച്ച് അവിടെ പ്രദർശിപ്പിക്കുന്നുണ്ട്. ബുക്ക് ഫെയർ അതോറിറ്റി ഒരു ഫ്രീസ്റ്റാൾ അതിനു വേണ്ടി അനുവദിച്ചിട്ടുമുണ്ട്. അന്ന് ലിറ്റിൽ സ്റ്റാളുകൾക്കുപോലും പതിനായിരം രൂപ വാടകയുണ്ട്. എംബസികളും കോൺസുലേറ്റുകളും ഓരോ പവലിയൻ വീതം ബുക്കു ചെയ്താണ് പുസ്തകമേള സമ്പന്നമാക്കുന്നത്.

കേരള ബുക്ക് സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട് കുന്നുപറമ്പിൽ പുന്നൂസ്, സെക്രട്ടറി സി.ജി.വാസുദേവൻ നായർ, ഞാൻ ജോയിന്റ് സെക്രട്ടറി-ഇതാണ് ബുക്ക് ഫെയറിലെ ഞങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഘടകം. കേരളത്തിൽ നിന്നു സംഘടിപ്പിച്ച ചെറുകിട പ്രസാധകരുടെ പുസ്തകങ്ങൾ ഞങ്ങൾ പവലിയനിൽ നിരത്താനായി എത്തിച്ചേരുന്നു. എവിടെയും 'യൂഹാന്നോൻ ലൂയിസിന്റെ പ്രാവുകൾ' പറക്കുന്നു. ബാബു കുഴിമറ്റം തന്റെ പുസ്തകത്തിന്റെ കോപ്പികൾ കൊണ്ട് സ്റ്റാൾ ഭംഗിയായി അലങ്കരിച്ചിട്ടുണ്ട്. പോരാത്തതിന് പുസ്തകത്തിന്റെ മുഖവിലയും വില്പന ഡിസ്കൗണ്ടും കാണിക്കുന്ന പരസ്യബോർഡുകളും വച്ചിരിക്കുന്നു. കേരള ബുക്ക് സൊസൈറ്റി എന്ന നെയിംപ്ലേറ്റുപോലും 'പ്രാവുകൾ' കൈയേറിയിരിക്കുന്നു. ഞങ്ങളുടെ സ്നേഹിതൻ അല്പം അമിത സ്വാതന്ത്ര്യം കാട്ടിയതാണ്.

ഞങ്ങൾ ബാബുവിനെ കാര്യം പറഞ്ഞു മനസ്സിലാക്കി. ഇങ്ങനെ പുസ്തകങ്ങൾ കൊണ്ട് അലങ്കരിക്കാൻ പറ്റില്ല. പുസ്തകമേളയ്ക്ക് അതിന്റേതായ ചില ഡിസൈനുകളും പാറ്റേണുകളുമുണ്ട്. പോരാത്തതിന് ഈ ചെറുകിട പ്രസാധകരുടെ പുസ്തകങ്ങൾ (ഒറ്റ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചവരാണ് കൂടുതലും) പ്രദർശിപ്പിക്കാൻ വേണ്ടിയാണ് സൗജന്യമായി സ്റ്റാൾ അനുവദിച്ചിരിക്കുന്നത്. അതുകൊണ്ട് കുഴിമറ്റത്തിന്റെ പുതിയ പുസ്തകത്തിന്റെ ഒരു കോപ്പി വച്ചിട്ട് ബാക്കി മാറ്റണം. ബാബു ഉള്ളിലുള്ള നീരസം പുറത്തു കാണിക്കാതെ ഞങ്ങളുടെ നിർദേശം പാലിച്ച് പുസ്തകങ്ങൾ മാറ്റി. ബോർഡുകളും എടുത്തു.

പുസ്തകമേള ഉദ്ഘാടനം വൈകുന്നേരം അഞ്ചുമണിക്കാണ്. അന്നത്തെ ഇന്ത്യൻ പ്രസിഡണ്ട് ശങ്കർദയാൽ ശർമയാണ് ഉദ്ഘാടകൻ. ഞങ്ങളുടെ സ്റ്റാൾ ഉൾക്കൊള്ളുന്ന പവലിയനിൽ ഒരു ചെറു സ്റ്റേജിലാണ് ഔപചാരകമായ ഉദ്ഘാടനം. ഞങ്ങൾക്ക് സ്റ്റാളിലിരുന്നാൽ ഉദ്ഘാടന സ്റ്റേജ് കാണാം.

കൃത്യം അഞ്ചുമണിക്കു തന്നെ പ്രസിഡണ്ട് എത്തി. പ്രൗഢോജ്ജ്വലമായ ഒരു ലഘുപ്രസംഗം നടത്തി, അദ്ദേഹം. പരമാവധി അഞ്ചുമിനിട്ട്. തികഞ്ഞ ഔചിത്യം പാലിച്ചു, അദ്ദേഹം എന്നു പറയുന്നതാവും ശരി.

ജനസഞ്ചയം എത്തിയിരിക്കുന്നത് പുസ്തകം കാണാനും വാങ്ങാനുമാണ്, പ്രസംഗം കേൾക്കാനല്ല. അത് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. വിദേശരാജ്യങ്ങളിൽ ഇമ്മാതിരി ഉദ്ഘാടന ചടങ്ങുകൾ ഒരു മിനിട്ടിലൊതുങ്ങും.

ഉദ്ഘാടന പ്രസംഗം കഴിഞ്ഞ് പ്രോട്ടോക്കോൾ തെറ്റിച്ച് അദ്ദേഹം പവലിയനിലേക്കിറങ്ങി. ഇരു സൈഡുകളും നോക്കിക്കണ്ട് അദ്ദേഹം മുന്നോട്ടു നടന്നു. പത്രപ്രവർത്തകരും ഫോട്ടോഗ്രാഫർമാരും ഫെസ്റ്റിവൽ അധികൃതരും ഒപ്പമുണ്ട്.

അദ്ദേഹം നേരെ നടന്നുവന്നത് ഞങ്ങളുടെ സ്റ്റാളിലേക്ക്. ഞങ്ങൾ അവിശ്വസനീയതയോടെ കിതച്ചു നിന്നുപോയി, ഒരു നിമിഷം.

ചെറുകിട പ്രസാധകരുടെ വിഷമതകളെക്കുറിച്ച്, പുസ്തകപ്രസാധനത്തിന് അവർ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെക്കുറിച്ച് ഒന്നു രണ്ടു ചോദ്യങ്ങൾ. ഞങ്ങൾ വിനയപൂർവം മറുപടി പറഞ്ഞു.

ഫോട്ടോഗ്രാഫർമാരുടെ ക്യാമറകളുടെ ഫ്ളാഷ് ബൾബുകൾ തുടരെത്തുടരെ മിന്നി.

പിറ്റേ ദിവസത്തെ ഡൽഹിപത്രങ്ങൾ ഉദ്ഘാടനഫോട്ടോയായി പ്രസിദ്ധീകരിച്ചത് ഞങ്ങളുടെ സ്റ്റാളിലെ പ്രസിഡണ്ടിന്റെ സന്ദർശനമായിരുന്നു.

ആ ഫോട്ടോയിൽ നിറഞ്ഞുനിന്നവരിൽ ഒരാൾ ഞങ്ങളുടെ സ്നേഹിതൻ ബാബു കുഴിമറ്റം ആയിരുന്നു. ഫോട്ടോ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായിരുന്ന നീരസം ദൽഹിയിലെ തണുപ്പിൽ അലിഞ്ഞില്ലാതായി.




*കേരളാ കർഷകയൂണിയൻ (എം) സംസ്ഥാന കമ്മിറ്റി യോഗം കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബേബി ഉഴുത്തുവാൽ ഉദ്ഘാടനം ചെയ്യുന്നു. കർഷകയൂണിയൻ (എം) പ്രസിഡണ്ട് ജോൺ പുളിക്കപ്പറമ്പിൽ, മാത്തച്ചൻ പ്ലാത്തോട്ടം, കെ.പി.ജോസഫ്, പ്രേചന്ദ് മാവേലി, പ്രൊഫ.ജേക്കബ് ഏബ്രഹാം, പി.ജി.ഫിലിപ്പ് എന്നിവർ സമീപം.*

7 >>

## പരിഭവിക്കണ്ട ജീസു; ഇത് ദൈവനിയോഗമാണ്

ദൈവാധീനത്താൽ ഒരു ജനതയുടെ അപേക്ഷയ്ക്കും ആവശ്യത്തിനും ലഭിച്ച സാധൂകരണമെന്നോണമാണ് എൻഎസ്എസ് സ്ഥാനമാറ്റത്തെ കാണുന്നതും, കടന്നപ്പള്ളിയെ സ്വാഗതം ചെയ്യുന്നതും. ഈശ്വരവിശ്വാസികളായ ഹൈന്ദവസമൂഹത്തിന്റെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള ദൗത്യം കടന്നപ്പള്ളിയിലൂടെ സാധ്യമാവുമെന്നും അവർ കരുതുന്നു. എൻഎസ്എസ് ജനറൽ സെക്രട്ടറി നാരായണപ്പണിക്കരെയും അസിസ്റ്റന്റു സെക്രട്ടറി സുകുമാരൻ നായരെയും കുറച്ചൊന്നുമല്ലല്ലോ സുധാകരൻ പുലഭ്യം പറഞ്ഞിരിക്കുന്നത്.

കടന്നപ്പള്ളിയെ അഭിനന്ദിക്കുന്നവർ മനസ്സുകൊണ്ട് താഴ്ത്തിക്കെട്ടുകയാണ് സുധാകരനെ. തിരുവാഭരണമേറ്റുവാങ്ങാൻ ശബരിമല സന്നിധാനത്തിൽ ഭക്ത്യാദരപൂർവം നില്ക്കുന്നവർക്കു മുന്നിലും, ശാസ്താവിന്റെ സന്നിധാനത്തിലും കൈകൂപ്പാൻ മടിക്കുന്ന അഹന്തയ്ക്കു രാമായണ സന്ധ്യ പൂർത്തിയാക്കിയ ആവണിപ്പൊൻപുലരി കടുത്ത ശിക്ഷ നല്കിയിരിക്കുന്നു. ഭക്തിയും വിശ്വാസവും സ്വകാര്യതയാണെങ്കിലും അതിനെ പൊതുസ്ഥലങ്ങളിൽ അപമാനിക്കുന്ന ചിഹ്നവ്യവസ്ഥയുടെ ഉപാസകനാവുകയായിരുന്നു സുധാകരൻ. ദേവാങ്കണങ്ങളല്ല, പിണറായി തന്നെ കൈയൊഴിഞ്ഞിരിക്കുന്നു ഈ താരകത്തെ!

കുപ്പിപാലും കുടിനീരുമില്ലാത്തതിനാൽ കുപ്പിമരുന്ന് എന്ന വൈദ്യവിധിപോലെയാണ് ഇപ്പോഴത്തെ മന്ത്രിസഭാവികസനം. അഭിജാതനേതൃത്വത്തിന് സിംഹാസനമൊരുക്കാൻ ചുറുചുറുക്കുള്ള യുവമന്ത്രിയെ ബലികഴിച്ചും, അമ്മാത്ത് ചെല്ലുമ്പോളും ഇല്ലത്ത് വരുമ്പോഴും ഇരട്ടവേഷം കെട്ടുന്ന ഗൗഡദളും അടിഞ്ഞുകൂടിയ തുരങ്കത്തിലൂടെയുള്ള യാത്ര സുഗമമാവുമോ? അടിക്കടി ചുവടു മാറുന്ന ദേവഗൗഡയുടെ നിലപാടു പരിഹാസ്യമാണെന്നും പ്രേം നാഥ് ചീഫ് വിപ്പായിരിക്കെ യുഡിഎഫിൽ മൂന്നുപേരും, എൽഡിഎഫിൽ രണ്ടുപേരുമെന്ന വൈരുദ്ധ്യം എല്ലാം തകരാറിലാക്കുമെന്ന അച്യുതാനന്ദന്റെ ആവലാതി ഇടതുമുന്നണിയോഗം മുഖവിലയ്ക്കെടുത്തിട്ടില്ല. ഡാനിഷ് അലി നിരീക്ഷകനായി എത്തിയതുകൊണ്ടും, ദളിലെ ഔദ്യോഗിക വിഭാഗം തങ്ങളാണെന്ന് മാത്യു ടി.തോമസ് പറഞ്ഞതുകൊണ്ടും നിയമത്തിന്റെ പഴുത് അടയുന്നില്ലല്ലോ! വിപ്പുലംഘനവും കൂറുമാറ്റവും ജനാധിപത്യ വ്യവസ്ഥയിലെ കരടായിരിക്കെ നിയമജ്ഞരുടെ തീർപ്പും അമ്പയിക്കേണ്ടതുണ്ട്.

**തിരുവാഭരണമേറ്റുവാങ്ങാൻ ശബരിമല സന്നിധാനത്തിൽ ഭക്ത്യാദരപൂർവം നില്ക്കുന്നവർക്കു മുന്നിലും, ശാസ്താവിന്റെ സന്നിധാനത്തിലും കൈകൂപ്പാൻ മടിക്കുന്ന അഹന്തയ്ക്കു രാമായണ സന്ധ്യ പൂർത്തിയാക്കിയ ആവണിപ്പൊൻപുലരി കടുത്ത ശിക്ഷ നല്കിയിരിക്കുന്നു.**

ഇടതുമുന്നണിയിൽ ഉന്നിദ്രമായ സന്ദേഹത്തിലെ ആർപ്പുവിളിയും അന്തരാർത്ഥങ്ങളും വിഎസിന്റെ ബുദ്ധിയിലുദിച്ചതുകൊണ്ടുമാത്രം തള്ളേണ്ടതല്ല. 'താതനസത്യഭയം കൊണ്ടു ചെയ്തതിനേതുമേ ദോഷം പറയരുതെന്ന' രാമവാക്യവും സ്മരണീയമാണ്. ആദരപൂർവം ആത്മീയതയോടു ചേർന്നു നില്ക്കുന്ന സാധാരണജനം പ്രാർത്ഥനാപുരസരം നോക്കിക്കാണുന്നത് വകുപ്പുമാറ്റത്തിലൂടെ സംഭവിച്ച ഇളക്കിപ്രതിഷ്ഠയെയാണ്. ഈ ദൈവനിയോഗത്തെയും സുധാകരൻ തള്ളിപ്പറയുമോ?